കണ്ണൂർ സർവ്വകലാശാല
KANNUR UNIVERSITY
Accredited By NAAC with 'B++' Grade
Website : www.kannuruniversity.ac.in

കണ്ണൂർ സർവ്വകലാശാല

(അക്കാദമിക് വിഭാഗം)

Acad.A3/394/MISAC/2021-22 24.03.2022

## പ്രസിദ്ധീകരണത്തിന്

കണ്ണൂർ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ, 2022-2023 അദ്ധ്യയനവർഷത്തിലെ ബിരുദ- ബിരുദാനന്തര കോഴ്സുകളിലെ സീറ്റുകളുടെ എണ്ണത്തിൽ 'മാർജിനൽ ഇൻക്രീസ് (അംഗീകാരം ലഭിക്കുമ്പോൾ അനുവദിച്ച സീറ്റിന്റെ എണ്ണത്തിലുള്ള വർദ്ധനവ് ) ആവശ്യമുള്ള കോളേജുകൾ, അതിനുള്ള അപേക്ഷ, പ്രിൻസിപ്പാൾ മുഖാന്തിരം, 2022 ഏപ്രിൽ 8-ന് 5 മണിക്ക് മുമ്പായി സർവ്വകലാശാലയിൽ, തപാലിൽ ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ആരംഭിച്ച് മൂന്ന് വർഷം പൂർത്തിയായ കോഴ്സുകൾക്ക് (സ്റ്റെബിലൈസ് ചെയ്ത കോഴ്സുകൾക്ക്), പ്രസ്തുത അപേക്ഷ സമർപ്പിക്കാവുന്നതാണ്.

എയ്ഡഡ് / അൺ-എയ്ഡഡ് കോളേജുകൾ, കോഴ്സ് ഒന്നിന് ₹ 5000/- (അയ്യായിരം രൂപ) വീതം, 'ഫിനാൻസ് ഓഫീസർ, കണ്ണൂർ യൂണിവേഴ്സിറ്റി'-എന്ന പേരിൽ (കണ്ണൂരിൽ മാറാവുന്ന) ഡിമാൻഡ് ഡ്രാഫ്റ്റായി, ഫീസടച്ച് അപേക്ഷിക്കേണ്ടതാണ്. ഗവ: കോളേജുകളും IHRD കോളേജുകളും പ്രസ്തുത ഫീസ് അടക്കേണ്ടതില്ല.

Deputy Registrar (Academic)

സ്വീകർത്താവ്

1. പി.ആർ.ഒ (എല്ലാ പത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
2. കമ്പ്യൂട്ടർ പ്രോഗ്രാമർ (for publishing on the University Website)

താവക്കര, സിവിൽ സ്റ്റേഷൻ പി.ഒ., കണ്ണൂർ 670 002 Thavakkara, Civil Station P.O., Kannur 670 002, Kerala, India
Phone: 0497-2762356-359, Fax: 0497-2711460, E-mail: registrar@kannuruniv.ac.in